ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 1999 ലെ ആറാട്ടുപുഴ ഉത്സവത്തിന് ഒരു ലക്ഷം രൂപ സാമ്പത്തിക സഹായം നൽകി. ഇക്കൊല്ലവും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത്.

(ഡി) തൃപ്രയാർ-ചേറ്റുവാ റൂട്ടിൽ ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തുകയാണ് പ്രധാനപദ്ധതി. തൃപ്രയാറിൽ ബോട്ട് ജട്ടിയും ബോട്ട് ഹൗസും കഫറ്റേരിയയും നിർമ്മിക്കുന്നതാണ്.

(ഇ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യം പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കേണ്ടത്.

'പൊസടിഗുംപെ' ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

124(865)ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ "പൊസടിഗുംപെ" ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊസടിഗുംപെ ബേക്കൽ റിസോർട്ടിന്റെ ഭാഗമാക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി)"പൊസടിഗുംപെ" ബേക്കൽ ടൂറിസം പ്രോജക്ടിന്റെ ഭാഗമല്ല. എന്നാൽ ഇവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്ന കാര്യം ബി.ആർ.ഡി.സി.യുടെ പരിഗണനയിലുണ്ട് ഇതിനായി ബി.ആർ.ഡി.സി. ഉദ്യോഗസ്ഥർ പൊസടിഗുമ്പെ സന്ദർശിക്കുകയും പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ബേക്കലിന്റെ ബ്രോഷറുകളിലും ലഘുലേഖകളിലും പൊസടിഗുംപെയെക്കുറിച്ച് പരാമർശിക്കുവാൻ ഉദ്ദേശിക്കുന്നു. സാഹസിക ടൂറിസം (Adventure Tourism) മേഖലയിൽ പ്രസ്തുത സ്ഥലത്തിന്റെ സാധ്യതാപഠനം നടത്തുവാൻ വിദഗ്ദ്ധ ഏജൻസിയെ സ്ഥലം സന്ദർശിക്കുവാൻ ക്ഷണിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമൊന്നും ആയിട്ടില്ല.

വർക്കലയിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് പുതുതായി ആരംഭിക്കുന്ന പദ്ധതികൾ

125(866)ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിൽനിന്നും വർക്കലയിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാൻവേണ്ടി ടൂറിസം ഡിപ്പാർട്ട്മെന്റ് പുതുതായി ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly